(2) ഡിജിറ്റൽ ഫിലിം സാങ്കേതിക വിദ്യ വ്യാപകമായിക്കൊണ്ടിരിക്കുന്നത് പരിഗണിച്ച് ഹൈ ഡെഫനിഷൻ ഡിജിറ്റൽ ക്യാമറ കരസ്ഥമാക്കാൻ പുതിയ പദ്ധതിയുണ്ട്;

(3) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വിസ്തൃതമായ സ്ഥലത്ത് ഒരു ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുവേണ്ടി detailed project report തയ്യാറാക്കിവരികയാണ്;

(4) ചലച്ചിത്ര നിർമ്മാണത്തിനുവേണ്ട ആൾശേഷിയെ പരിശീലിപ്പിക്കുന്നതിനുവേണ്ട ഒരു സ്കൂൾ തുടങ്ങുന്നതിന് രൂപം നൽകികൊണ്ടിരിക്കുകയാണ്;

(5) നിലവിലുള്ള പ്രദർശന ശാലകളിൽ A/C സൗകര്യം ഇല്ലാത്ത തിയേറ്ററുകളിൽ A/C സൗകര്യം ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു;

(6) KSFDC-യ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ആലപ്പുഴയിലെ സ്ഥലത്ത് ഒരു തിയേറ്റർ വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിലാണ് സിനിമാ പ്രദർശനശാലകൾ പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇക്കൊല്ലം ആലപ്പുഴ ജില്ലാ കേന്ദ്രത്തിൽ തിയേറ്റർ വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

കുട്ടികളുടെ ചലച്ചിത്ര നിർമ്മാണത്തിന് അവാർഡ്

93 (5264) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാമൂല്യമുള്ള സിനിമകൾക്ക് സർക്കാർ സബ്സിഡി വർദ്ധിപ്പിക്കുമോ ;

(ബി) സംസ്ഥാന, ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ച സിനിമകൾക്ക് വിനോദ നികുതി ഇളവും, സാമ്പത്തിക സഹായവും നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) കലാമൂല്യമുള്ള സിനിമകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സിനിമയുടെ സെൻസർഷിപ്പിന് ആവശ്യമായ പബ്ലിസിറ്റി, ക്ലിയറൻസ്, ടൈറ്റിൽ രജിസ്ട്രേഷൻ എന്നിവ നൽകുവാനുള്ള അധികാരം ചലച്ചിത്ര അക്കാദമിക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം അന്തർദേശീയ ചലച്ചിത്രമേളയിൽ മലയാള സിനിമയുടെ അന്തർദേശീയ വിപണനത്തിനായി ഫിലിം മാർക്കറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വിനോദ നികുതി ഈടാക്കുന്നത്. ഇത് ഇളവ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) ചലച്ചിത്ര നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നില്ല. എന്നാൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചിത്രീകരിക്കുന്ന ചലച്ചിത്രങ്ങൾക്ക് ആകർഷകമായ നിരക്കിലുള്ള വിവിധ പാക്കേജ് പദ്ധതികളും ക്രെഡിറ്റ് സമ്പ്രദായങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

(ഇ) ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഫിലിം മാർക്കറ്റ് ഒരുക്കുന്നുണ്ട്.

കലാകാരൻമാർക്കുവേണ്ടി പ്രത്യേക ക്ഷേമനിധി

94 (5265) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കലാകാരന്മാർക്കുവേണ്ടി പ്രത്യേക ക്ഷേമനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) എന്നത്തേയ്ക്ക് ഈ ക്ഷേമനിധി നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കലാസാംസ്കാരിക സാഹിത്യ മേഖലകളിലെ എല്ലാവർക്കുമായി ഒരു ക്ഷേമനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) സാംസ്കാരിക ക്ഷേമനിധിയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് വിശദമായി പരിശോധിച്ചുവരുന്നു.

(സി) ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ബിൽ നിയമമായാലുടൻ ക്ഷേമനിധി നിലവിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly